## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2329 — 09.03.2018 ന് മറുപടിയ്ക്ക്.

## ചാത്തമംഗലം പഞ്ചായത്തിലെ കാട്ടുപന്നി ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ കുളിമാട്, പാഴൂർ, കുറ്റിക്കുളം തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടുപന്നിയുടെ ശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ കുളിമാട്, പാഴൂർ, കുറ്റിക്കുളം തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടുപന്നിയുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാട്ടുപന്നി ആക്രമണം മൂലം വാഴകൃഷി, നെൽകൃഷി തുടങ്ങിയവ വ്യാപകമായി നശിപ്പിക്കപ്പെടുന്നതായ പരാതി ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) കാട്ടുപന്നി ആക്രമണം മൂലം വാഴകൃഷി, നെൽകൃഷി തുടങ്ങിയവ നശിപ്പിക്കപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (സി) വനമേഖലയിൽ നിന്ന് വളരെ അകലെയാണ് ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ കുളിമാട്, പാഴൂർ, കുറ്റിക്കുളം തുടങ്ങിയ പ്രദേശങ്ങൾ. ആയതിനാൽ വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് വനമേഖലകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജവേലി, കിടങ്ങ് എന്നിവ ഈ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടില്ല. വന്യമൃഗങ്ങൾ ഈ പ്രദേശത്തെ കാർഷിക വിളകൾ നശിപ്പിക്കുമ്പോൾ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ട പ്രകാരമുള്ള നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ